(ഡി) ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്(ECIL) സ്ഥാപനത്തിന്റെ ക്വാളിറ്റി കൺട്രോൾ പരിശോധന കഴിഞ്ഞിട്ടാണ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ വിതരണം ചെയ്തിട്ടുള്ളത്. ഇതുകൂടാതെ മലപ്പുറം ജില്ലയിൽ മെഷീനുകൾ വീണ്ടും പരിശോധിച്ചിട്ടുണ്ട്. തിരഞ്ഞെടുപ്പിന് ഉപയോഗിക്കുന്ന എല്ലാ മെഷീനുകളും തിരഞ്ഞെടുപ്പിനുമുമ്പ് ഫസ്റ്റ് ലെവൽ ചെക്ക് (FLC) എന്ന നടപടി ECIL എഞ്ചിനീയർ മുഖാന്തിരം എല്ലാ ജില്ലകളിലും എല്ലാ മെഷീനുകളിലും നടത്തിയിട്ടുള്ളതാണ്. ഫസ്റ്റ് ലെവൽ ചെക്കിഗിലും അതിനുശേഷം നടത്തുന്ന മോക്ക് പോളിലും വിജയകരമെന്ന് ECIL എഞ്ചിനീയറും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും സർട്ടിഫൈചെയ്യുന്ന വോട്ടിംഗ് യന്ത്രങ്ങൾ മാത്രമേ വോട്ടെടുപ്പിന് നൽകാറുള്ളൂ. ഇതിനുശേഷം candidate setting, moke poll എന്നിവ നടത്തുകയും മോക്ക് പോളിന്റെ റിസൽട്ട് ശരിയാണെങ്കിൽ മാത്രമേ ടി മെഷീനുകൾ യഥാർത്ഥ തിരഞ്ഞെടുപ്പിന് ഉപയോഗിക്കാറുള്ളൂ. വോട്ടെടുപ്പ് തുടങ്ങുന്നതിനുമുമ്പ് പോളിംഗ് ഏജന്റുമാരുടെ സാന്നിദ്ധ്യത്തിൽ പ്രിസൈഡിംഗ് ഓഫീസർമാരും മോക്ക് പോൾ നടത്തിയിട്ടുണ്ട്. മുകളിൽപ്പറഞ്ഞ മോക്ക് പോളുകളെല്ലാം തന്നെ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ സാന്നിദ്ധ്യത്തിലാണ് നടത്തുന്നത്. വോട്ടെടുപ്പിനുപയോഗിച്ചിട്ടുള്ള യന്ത്രങ്ങൾ കുറ്റമറ്റവയാണെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ തകരാറ് ആകാനിടയായ സാഹചര്യം വ്യക്തമല്ല.

(ഇ) ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ തകരാറായത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനായി പ്രൊഫ. കെ. ആർ. ശ്രീവത്സൻ(ഇഗ്നോ യൂണിവേഴ്സിറ്റി മുൻ പ്രോ-വൈസ് -ചാൻസലർ) പ്രൊഫ. രജത് മൂന (ഡയറക്ടർ ജനറൽ, സി-ഡാക്ക്), ശ്രീ. രമണി ബി. (എക്സിക്യൂട്ടീവ് ഡയറക്ടർ, സി-ഡാക്ക്) എന്നിവരുൾപ്പെട്ട ഹൈലെവൽ ഫാക്ട് ഫൈന്റിംഗ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്

51 (56) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 നവംബറിൽ നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ വിജ്ഞാപനം നിലവിൽ വന്നത് എന്നാണ് ; പെരുമാറ്റച്ചട്ടം എന്നുമുതൽ എന്നുവരെയായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാലയളവിൽ ഏതെങ്കിലും വകുപ്പിൽ പെരുമാറ്റച്ചട്ടം മറികടന്ന് ജീവനക്കാർ/അദ്ധ്യാപകർ എന്നിവരെ സ്ഥലം മാറ്റിയിട്ടുണ്ടോ ;

(സി) എങ്കിൽ ആയതിന്റെ അടിയന്തര സാഹചര്യം വിശദമാക്കാമോ ;

(ഡി) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ലംഘിച്ച മേലധികാരികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2015 നവംബർ 2,5 തീയതികളിൽ നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതെരഞ്ഞെടുപ്പിന്റെ വിജ്ഞാപനം 7-10-2015-ലാണ് പുറപ്പെടുവിച്ചത്. തെരഞ്ഞെടുപ്പ് പ്രഖ്യാപനം നടത്തിയ 3-10-2015 മുതൽ മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വരുകയും വോട്ടെടുപ്പ് അവസാനിച്ച 5-11-2015-നുശേഷം പെരുമാറ്റച്ചട്ടത്തിൽ ഇളവ് അനുവദിക്കുകയും 9-11-2015-നുശേഷം പെരുമാറ്റച്ചട്ടം അവസാനിക്കുകയും ചെയ്തു.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുക

52 (57) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ലെ ലോക് സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സർക്കാർ എത്ര രൂപ ചെലവഴിച്ചു എന്ന് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഓരോ നിയമസഭാ, ലോക്സഭാ മണ്ഡലത്തിലെയും ഒബ്സർവർ ആരായിരുന്നു എന്നും ഇവരുടെ താമസ, ഭക്ഷണ, യാത്രാ ചെലവുകൾ എത്രയായിരുന്നു എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരിശോധനയിൽ അനധികൃതമായി കൊണ്ടുപോകുകയായിരുന്ന എത്ര രൂപ പിടിച്ചെടുത്തിരുന്നു എന്നും എവിടെയെല്ലാം വച്ച് ആരിൽ നിന്നൊക്കെയാണ് പിടിച്ചെടുത്തത് എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പണം എന്തുചെയ്തു എന്നും ഇതു സംബന്ധിച്ച് ആർക്കെതിരെയെങ്കിലും കേസെടുക്കുകയുണ്ടായെങ്കിൽ അതിന്റെ വിശദാംശവും ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly